(സി) ഉണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ഫണ്ട് വിനിയോഗിക്കുന്നതിനായി നിരവധി പി.ഡി. അക്കൗണ്ടുകൾ നിലവിലുണ്ടായിരുന്നു. നിലവിലുണ്ടായിരുന്ന പി.ഡി. അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് പകരം സെക്രട്ടറിയുടെ പേരിൽ പുതിയ പ്ലാൻ പി. ഡി. അക്കൗണ്ട് തുടങ്ങണമെന്ന് ഉത്തരവായിട്ടുണ്ട്.

കെ.എഫ്.സി. വാല്യം ഒന്ന് ചട്ടം 282 (5) (ബി) പ്രകാരം പി.ഡി. അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുക അതാത് വർഷം മാർച്ച് 31-ന് മുമ്പ് ചെലവഴിക്കേണ്ടതും അക്കൗണ്ടുകൾ മാർച്ച് 31-ന് തന്നെ ക്ലോസ് ചെയ്യേണ്ടതുമാണ്. എങ്കിലും തദ്ദേശ ഭരണ സ്ഥാപനങ്ങൾ മാർച്ച് 31-ന് അക്കൗണ്ട് ക്ലോസ് ചെയ്യാതെയും ട്രഷറി കണക്കുമായി റികൺസിലിയേഷൻ നടത്താതെയും പദ്ധതി നടത്തിപ്പിനുവേണ്ടി നൽകപ്പെട്ട കോടിക്കണക്കിനു രൂപ ചെലവഴിക്കാതെയും സൂക്ഷിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത് സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിനേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാമ്പത്തിക അച്ചടക്കത്തേയും പ്രതികൂലമായി ബാധിക്കുന്നതായും പദ്ധതി നടത്തിപ്പിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ശുഷ്കാന്തി കാണിക്കാതെയും ഇരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് പുതിയ ഉത്തരവ് പുറപ്പെടുവിച്ചത്.

(ഡി) 9-7-2003-ലെ സർക്കാർ ഉത്തരവിൽ നിലവിലുണ്ടായിരുന്ന പ്ലാൻ പി.ഡി. അക്കൗണ്ടുകൾ ക്ലോസ് ചെയ്തതിനുപകരം പുതിയ ഒരു പി.ഡി. അക്കൗണ്ട് സെക്രട്ടറിയുടെ പേരിൽ തുടങ്ങാൻ വ്യവസ്ഥയുണ്ട്. 2003 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള 4 മാസത്തെ വിഹിതം ഇതിനോടകം അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്ത് മുനിസിപ്പൽ ഭരണം സ്തംഭിക്കുകയോ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുകയോ ചെയ്യുകയില്ല.

(ഇ) നിലവിലുണ്ടായിരുന്ന പ്ലാൻ പി.ഡി. അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനാണ് ഉത്തരവ് നൽകിയിട്ടുള്ളത്. അപ്രകാരം ക്ലോസ് ചെയ്യുന്ന അക്കൗണ്ടുകളിൽ ശേഷിക്കുന്ന തുക ഗവൺമെന്റ് അക്കൗണ്ടിൽ തിരികെ നിക്ഷേപിക്കുന്നതു സംബന്ധിച്ച് തീരുമാനമായിട്ടില്ല.

ത്രിതല പഞ്ചായത്തുകളുടെ ഫണ്ടുകൾ പി.ഡി. അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള നിർദ്ദേശം

7 [4745] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെ ഫണ്ടുകൾ പുതുതായി പി.ഡി. അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് ധനകാര്യ വകുപ്പ് നിർദ്ദേശം നൽകിയിരുന്നുവോ;

(ബി) ഇങ്ങനെ ഒരു പുതിയ പി.ഡി. അക്കൗണ്ട് തുടങ്ങുന്നതിന് ഉണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ;

(സി) ഇതുമൂലം സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകൾക്ക് ഉണ്ടാകുന്ന അസൗകര്യം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ത്രിതല പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടുകൾ സെക്രട്ടറിമാരുടെ പേരിൽ പുതുതായി തുടങ്ങുന്ന പി. ഡി. അക്കൗണ്ടുകളിൽ നിക്ഷേപിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ത്രിതല പഞ്ചായത്തുകളിൽ അഞ്ചോ അതിലധികമോ പി.ഡി. അക്കൗണ്ടുകൾ പല ഉദ്യോഗസ്ഥൻമാരുടെ പേരിൽ നിലവിലുണ്ടായിരുന്നു. ഇവയിൽ കോടിക്കണക്കിനു രൂപ ശരിയായ കണക്ക് സൂക്ഷിക്കാതെയും ട്രഷറി കണക്കുമായി റീകൺസിലിയേഷൻ നടത്താതെയും സൂക്ഷിക്കുന്നതായും അതുമൂലം ധനദുർവിനിയോഗത്തിനും സാമ്പത്തിക ക്രമക്കേടുകൾക്കും സാദ്ധ്യതകളുള്ളതായും സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിന് വിഷമതകളുള്ളതായും ശ്രദ്ധയിൽപ്പെട്ടിരുന്നു. ഈ സാഹചര്യത്തിലാണ് പുതിയ അക്കൗണ്ടിംഗ് രീതി ഉൾപ്പെടെയുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത്.

(സി) പി. ഡി. അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതോടൊപ്പം തന്നെ പുതിയ അക്കൗണ്ടുകൾ തുടങ്ങാനും നിർദ്ദേശമുണ്ട്. ഈ അക്കൗണ്ടുകളിൽ നിന്നും പണം പിൻവലിക്കാമെന്നുള്ളതുകൊണ്ടും 2003 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള പദ്ധതി വിഹിതം ഇതിനകം അനുവദിക്കുകയും ചെയ്തിട്ടുള്ളതുകൊണ്ടും പഞ്ചായത്തുകൾക്ക് അസൗകര്യം ഉണ്ടാകാൻ സാധ്യതയുള്ളതായി കരുതുന്നില്ല.

മിതവ്യയം പാലിക്കാത്ത വകുപ്പുകൾ

8 [4746] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
„ യു. സി. രാമൻ:
„ കളത്തിൽ അബ്ദുള്ള:
„ മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകൾക്ക് മിതവ്യയം പാലിക്കുന്നതിന് ഗവൺമെന്റ് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നിർദ്ദേശങ്ങൾ പാലിക്കാത്ത വകുപ്പുകൾ ഏതെല്ലാം;

(ഡി) ഇതിനെതിരെ എന്തുനടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പുതിയ തസ്തിക സൃഷ്ടിക്കൽ, പുതിയ വാഹനങ്ങൾ വാങ്ങൽ, മന്ത്രിമാരുടെയും ഓഫീസർമാരുടേയും വിമാനയാത്ര, വിദേശയാത്ര, ടെലഫോൺ, ഇന്ധന, ഓഫീസ് ചെലവുകൾ എന്നീ മേഖലകളിൽ മിതവ്യയം പാലിക്കുന്നതിനായി ഗവൺമെന്റ് വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly